പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3087 — 07.02.2018-ൽ മറുപടിക്ക്

## ലേക്ക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട ഭൂമി കൈയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിലുള്ള ലേക്ക് പാലസ് റിസോർട്ടുമായി ബന്ധപ്പെട്ട കയ്യേറ്റത്തിനെ സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ നൽകിയിരിക്കുന്ന റിപ്പോർട്ടിൽ എന്തൊക്കെ അനധികൃത കയ്യേറ്റങ്ങളാണ് കണ്ടെത്തിയിരിക്കുന്നത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ആലപ്പുഴ ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ലംഘനത്തെക്കുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ കോടതികളിൽ ഉണ്ട്; ഏതൊക്കെ കോടതികളിൽ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് ബഹു.സുപ്രീംകോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസുകളിൽ ജഡ്ജ്മെന്റ് വന്നിട്ടുള്ളതാണ്. കോട്ടയം വിജിലൻസ് കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. |
| (സി) ലേക്ക് പാലസ് റിസോർട്ടിന്റെ ഉടമസ്ഥാവകാശം ആരുടെയൊക്കെ പേരിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ലേക്ക് പാലസ് റിസോർട്ടിന്റെ ഉടമസ്ഥാവകാശം വാട്ടർവേൾഡ് ടൂറിസം കമ്പനി പ്രൈവറ്റ്. ലിമിറ്റഡിന്റെ പേരിലാണ്. |
| (ഡി) എന്നാണ് പ്രസ്തുത റിസോർട്ട് സ്ഥാപിച്ചത്; എത്ര ഏക്കർ സ്ഥലത്താണ് റിസോർട്ട് സ്ഥിതി ചെയ്യുന്നത്; മുൻപ് ഈ റിസോർട്ടിലേക്ക് റോഡ് ഉണ്ടായിരുന്നോ; 2006 വരെ ഈ റിസോർട്ടിലേക്ക് റോഡില്ലായിരുന്നു എന്ന വസ്തുത എന്ത് മാനദണ്ഡം വച്ചാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) 1998 മുതൽ ലേക്ക് പാലസ് റിസോർട്ട് പ്രവർത്തിച്ചു വരുന്നതാണ്. 7.99.53 ഹെക്ടർ സ്ഥലത്താണ് റിസോർട്ട് സ്ഥിതി ചെയ്യുന്നത്. മുമ്പ് ഈ റിസോർട്ടിലേയ്ക്ക് റോഡ് ഇല്ലായിരുന്നു എന്നത് പ്രാദേശികാന്വേഷണത്തിൽ അറിഞ്ഞിട്ടുള്ളതും ഗൂഗിൾ എർത്ത് മാപ്പിന്റെ സഹായത്തോടെ ഇതു ശരിയെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതും പിന്നീട് KSRSEC റിപ്പോർട്ട് ഇത് ശരി വച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

സി1-57262/17

കളക്ടറേറ്റ്, ആലപ്പുഴ
തീയതി : 22/09/2017
ഫോൺ - 0477-2251675, 0477-2251676
ഫാക്സ് - 0477-2251720
E-mail : dcalp@kerala.nic.in
deputycollectorlralp@gmail.com
Website : www.alappuzha.nic.in

പ്രേഷകൻ

ജില്ലാ കളക്ടർ
ആലപ്പുഴ

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
റവന്യൂ വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം : ലേക്ക് പാലസ് റിസോർട്ട് കായൽ കയ്യേറ്റം/നിലം നികത്ത്-റിപ്പോർട്ട് സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന : ............

അമ്പലപ്പുഴ താലൂക്കിൽ മുല്ലയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 83-ൽ റീസർവ്വെ നമ്പർ 24-ൽപ്പെട്ട 02.5094 ഹെക്ടർ, റീസർവ്വേ നമ്പർ 82-ൽ 0.005608 ഹെക്ടർ റീസർവ്വെ നമ്പർ 23-ൽപ്പെട്ട 0.00137 ഹെക്ടർ, റീസർവ്വെ 90-ൽ 0.003913 ഹെക്ടർ, റീസർവ്വെ 84-ൽ 0.006317 ഹെക്ടർ എന്നീ സ്ഥലങ്ങൾ വാട്ടർ വേൾഡ് ടൂറിസം പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർമാരുടെ പേരിലുള്ളതാണ്. ടി സ്ഥലം കൂടാതെ ബ്ലോക്ക് 77-ൽ റീസർവ്വെ നമ്പർ 7-ൽ 0.001656 ഹെക്ടർ നിലം, റീസർവ്വെ നമ്പർ 4-ൽ 0.001374 ഹെക്ടർ, ബ്ലോക്ക് നമ്പർ 78-ൽ റീസർവ്വെ നമ്പർ 4-ൽ 0.004816 ഹെക്ടർ, റീസർവ്വെ നമ്പർ 8-ൽ 02.7124 ഹെക്ടർ, റീസർവ്വെ നമ്പർ 9-ൽ 0.003215 ഹെക്ടർ, ബ്ലോക്ക് 77-ൽ റീസർവ്വെ നമ്പർ 9-ൽ 01.8491 ഹെക്ടർ, ബ്ലോക്ക് 78-ൽ റീസർവ്വേ നമ്പർ 8-ൽ 02.7124 ഹെക്ടർ എന്നിവ വില്ലേജ് രേഖകൾ പ്രകാരം മറ്റ് വ്യക്തികളുടെ പേരിലാണെങ്കിലും നിലവിൽ വാട്ടർ വേൾഡ് കമ്പനിയുടെ കൈവശത്തിലാണെന്ന് കാണുന്നു. ബ്ലോക്ക് നമ്പർ 77-ൽ റീസർവ്വെ നമ്പർ 4, ബ്ലോക്ക് നമ്പർ 78-ൽ റീസർവ്വെ നമ്പർ 4-ൽപ്പെട്ട വസ്തുക്കൾ റീസർവ്വെ പ്രകാരവും, നിലവിലുള്ള ഭൂസ്ഥിതി പ്രകാരവും പുരയിടമായി കാണുന്നുണ്ടെങ്കിലും, മുൻ സർവ്വെ പ്രകാരം നിലമായി കാണുന്നതുമാണ്. മുല്ലയ്ക്കൽ വില്ലേജിലെ കരുവേലി പാടശേഖരത്തിൽ ഉൾപ്പെട്ട് കിടക്കുന്ന മേൽപ്പടി വസ്തുക്കൾ കൂടാതെ നിലങ്ങൾ പലതും റിസോർട്ട് ഉടമകളുടേതെന്ന് പ്രാദേശിക

..ഷണത്തിൽ അറിവായിട്ടുള്ളതും, വില്ലേജ് രേഖകൾ പ്രകാരം മറ്റ് പേരുകളിൽ കൊണ്ടുകിടക്കുന്നതുമായി കാണുന്നു.

വാട്ടർ വേൾഡ് ടൂറിസം കമ്പനിയുടെ ഉടമസ്ഥതയിലുള്ള നിലം അനധികൃതമായി നികത്തി എന്നതിനെതിരെ ശ്രീ. ജയപ്രസാദ്, ജയശ്രീ മന്ദിരം, തിരുമല വാർഡ് എന്നവർ 27/10/2012-ൽ നൽകിയ പരാതിയെ സംബന്ധിച്ച് മുല്ലയ്ക്കൽ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തി അമ്പലപ്പുഴ തഹസിൽദാർ 31.10.2012-ലെ ഡി3-25202/12 നമ്പരായി ഒരു റിപ്പോർട്ട് ഈ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ടി റിപ്പോർട്ട് പ്രകാരം വാട്ടർ വേൾഡ് ടൂറിസം കമ്പനിയുടെ കൈവശത്തിലുള്ള നിലം 3 ഭാഗത്തായി അനധികൃതമായി നികത്തിയിട്ടുള്ളതും, ഒന്നാമതായി മുല്ലയ്ക്കൽ വില്ലേജിൽ ചുങ്കം പള്ളാത്തുരുത്തി റോഡിൽ ഉദ്ദേശം 1 കിലോമീറ്റർ കിഴക്ക് മാറി വടക്കോട്ട് MPLAD വഴി നിർമ്മാണത്തിലിരിക്കുന്ന വലിയകുളം-സീറോജെട്ടി റോഡിൽ ഉദ്ദേശം 150 മീറ്റർ വടക്കുമാറി ടി റോഡിന് കിഴക്കേ ഭാഗത്തായി കൃഷിയില്ലാതെ തരിശായി കിടക്കുന്ന ഉദ്ദേശം 5 സെൻറ് നിലം ഗ്രാവൽ ഉപയോഗിച്ച് നികത്തിയിട്ടുള്ളതും, രണ്ടാമതായി നിലം നികത്തിയിരിക്കുന്നത് ടി നിർമ്മാണത്തിലിരിക്കുന്ന റോഡിൽ ഉദ്ദേശം 250 മീറ്റർ വടക്ക് മാറി ടി റോഡിന് സമാന്തരമായി പടിഞ്ഞാറ് ഭാഗത്തേക്ക് 130 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലുമായി നിലം നികത്തി ടി ടൂറിസം കമ്പനിയുടെ റിസോർട്ടിലേയ്ക്ക് റോഡ് നിർമ്മിച്ചിട്ടുള്ളതുമാണ്. ടി 130 മീറ്ററിൽ 35 മീറ്റർ കരിങ്കൽ കെട്ടി വശങ്ങൾ ബലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി നികത്തലിനോട് ചേർന്ന് 9 മീറ്റർ വീതിയിലും 38 മീറ്റർ നീളത്തിലുമായി 'L' ആകൃതിയിൽ ഉദ്ദേശം 6 സെൻറ് നിലം നികത്തിയിട്ടുള്ളതുമാണ്. പൊതുചാലിൽ വശങ്ങളിൽ കരിങ്കൽ കെട്ടുന്നതിന് പാടശേഖര സമിതിയുടേയോ, കൃഷി ഓഫീസറുടേയോ അനുമതി വാങ്ങിയിട്ടില്ലാത്തതുമാണ്. മൂന്നാമത്തെ നിലം നികത്തിൽ നിർമ്മാണത്തിലിരിക്കുന്ന റോഡിൽ 400 മീറ്റർ വടക്ക് മാറി ടി റോഡിൻെറ കിഴക്ക് ഭാഗത്തായി ഉദ്ദേശം 1 1/2 (ഒന്നര) സെൻറ് നികത്തിയതായി കാണുന്നു. ടി അനധികൃത നിലം നികത്ത് നിർത്തിവെയ്ക്കുന്നതിന് വാട്ടർവേൾഡ് ടൂറിസം കമ്പനി മാനേജിംഗ് ഡയറക്ടർക്ക് മുല്ലയ്ക്കൽ വില്ലേജ് ഓഫീസർ 30/10/2012-ൽ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്.

ഇതിൻെറ നടപടി തുടരുന്ന സമയത്ത് പരാതി കക്ഷിയായ ശ്രീ. ജയപ്രസാദ് ബഹു.ഹൈക്കോടതിയിൽ W.P.(C).5503/2014 നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതിന്മേൽ 21/03/2014-ലെ വിധിന്യായത്തിൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിന് ശേഷം അനുയോജ്യമായ ഉത്തരവ് പാസ്സാക്കുന്നതിന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഇതിനോട-നുബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളെ 28/05/2014-ൽ നേരിൽ കേട്ടിട്ടുള്ളതും അന്നേ ദിവസത്തെ ഉത്തരവ് പ്രകാരം ടി W.P.(C).5503/2014-ൽ ഉന്നയിച്ച Ehbt. P3 ആലപ്പുഴ ആർ.ഡി.ഒ-യുടെ 21/02/2013-ലെ റിപ്പോർട്ട് വ്യക്തത വരുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയതിൻെറ അടിസ്ഥാനത്തിൽ ആലപ്പുഴ ആർ.ഡി.ഒ. 28/08/2014-ൽ 1277/13/H നമ്പരായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിൽ മേൽ സൂചിപ്പിച്ചിട്ടുള്ള 3 നികത്തലുകളിൽ രണ്ടാം നമ്പരായി പറയുന്ന നികത്ത് മൂലം കൃഷിയ്ക്കോ, കൃഷിയ്ക്ക് ആവശ്യമായ ജല നിർഗ്ഗമന മാർഗ്ഗങ്ങൾക്കോ, അയൽവാസികൾക്കോ യാതൊരു തടസ്സവും ഇല്ലാത്തതായി കാണുന്നുവെന്നും 1 ഉം 3 ഉം നികത്തലുകൾ നീക്കം ചെയ്യാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൻേറയും, കക്ഷികളെ വിചാരണ നടത്തിയതിൻേറയും അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ 12/11/2014-ൽ സി10-57262/2012 നമ്പരായി ഉത്തരവായിട്ടുള്ളതും, അനധികൃത നിലം നികത്ത് പൂർവ്വസ്ഥിതിയിലാക്കുവാൻ ആലപ്പുഴ ആർ.ഡി.ഒ-യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് നാളിതുവരെ പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ലാ-ത്തതുമാണ്.

മേൽ പരാമർശിച്ച MPLAD-യിൽ ഉൾപ്പെട്ട റോഡിന് 'പൊതുആവശ്യം' എന്നതിലേക്കായി തണ്ണീർത്തട നിയമപ്രകാരമുള്ള സംസ്ഥാന സമിതി അംഗീകാരം നൽകിയതായി കാണുന്നില്ല. നിലവിൽ ഈ റോഡ് റിസോർട്ട് കൂടാതെ 6 കുടുംബങ്ങളും ഉപയോഗിച്ചു വരുന്നു. റോഡുപണി പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

**2014-ന് ശേഷം**

ജില്ലാ കളക്ടറുടെ 2014-ലെ ഉത്തരവിന് ശേഷം 2017 വരെ വാട്ടർ വേൾഡ് ടൂറിസം കമ്പനിയുടെ ദുർവിനിയോഗത്തെക്കുറിച്ച് പരാതികൾ ലഭിച്ചതായോ അന്വേഷണം നടന്നതായോ, 2014-ലെ ഉത്തരവ് നടപ്പിലാക്കുവാൻ

ഭമിച്ചതായോ കാണുന്നില്ല. 2017–ൽ വന്ന പരാതികളുടേയും വാർത്തകളുടേയും അടിസ്ഥാനത്തിൽ വിശദമായ അന്വേഷണത്തിൽ വ്യക്തമായ വിവരങ്ങൾ താഴെപ്പറയുന്നവയാണ്.

- ബ്ലോക്ക് 78 റീസർവ്വേ 8-ൽ 25 സെൻറ് 2014 ന് മുമ്പ് പാർക്കിംഗിനും വഴിയ്ക്കുമായി നികത്തിയത് 50 സെൻറ് വർദ്ധിച്ച് 2 സർവ്വേ നമ്പരുകളിലായി (ബ്ലോക്ക് 78–ൽ റീസർവ്വേ നമ്പർ 8, ബ്ലോക്ക് 77–ൽ റീസർവ്വെ നമ്പർ 9) കാണപ്പെട്ട ഏകദേശം 250 മീറ്റർ നീളത്തിൽ പഴയ നികത്തലിന് (2012 ന് മുമ്പുള്ളത്) ചേർന്ന് വടക്കം കിഴക്കമായി തെക്ക് വടക്കായി ശരാശരി 4.6 മീറ്റർ-12.5 മീറ്റർ വീതിയിലാണുള്ളത്. ഇതിന് യാതൊരു വിധ അനുമതിയും വാങ്ങിയിട്ടില്ല. ഈ നികത്തൽ 2014 ന് ശേഷമാണെന്ന് ഉപഗ്രഹചിത്രത്തിൽ വ്യക്തമാകുന്നുണ്ട്. ഇത് നിലവിൽ വാട്ടർവേൾഡ് ടൂറിസം കമ്പനിയുടെ ഉടമസ്ഥതയിലുള്ള ലേക്ക്പാലസ് റിസോർട്ടിൻെറ പൂർണ്ണമായ ഉപയോഗത്തിലും നിയന്ത്രണത്തിലുമാണ്.

- 77/9, 78/8 എന്നിവയിൽ തെക്കവടക്കായി കിടക്കുന്ന നീർച്ചാൽ ഇറിഗേഷൻ വകുപ്പിൻെറ മേൽ നോട്ടത്തിലും, റിസോർട്ടിൻെറ ചെലവിലും കല്ല് കെട്ടി സംരക്ഷിക്കുന്നതിന് 29.10.2014–ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനമെടുത്തിരുന്നു. ഇതിന് ശേഷം ടി ചാലിൻെറ ഗതി വടക്ക ഭാഗത്തായി മാറ്റുകയും (സ്കെച്ച് കാണുക), ചാലിൻെറ വീതി കൂട്ടുകയും, കല്ല് കെട്ടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇറിഗേഷൻ വകുപ്പ് ഈ പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചിട്ടില്ലായെന്നും ചാലിൻെറ ഗതി മാറ്റുന്നതിന് അനുവാദം നൽകിയിട്ടില്ലായെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

- ഉപഗ്രഹചിത്രങ്ങൾ പരിശോധിക്കുമ്പോൾ 2008–ൽ റിസോർട്ടിലേയ്ക്ക് കരമാർഗ്ഗം റോഡ് ഉണ്ടായിരുന്നില്ലായെന്നും, 2011–ന് ശേഷം പടിപടിയായാണ് അപ്രോച്ച് റോഡും പാർക്കിംഗ് ഏരിയയും ഉണ്ടായി വന്നതെന്നും വ്യക്തമാകുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള 2011, 2014, 2017 ഉപഗ്രഹചിത്രങ്ങളിൽ നിന്ന് ഇത് വ്യക്തമാകുന്നുണ്ട്.

- ഇവയോഴിച്ച് റിസോർട്ട് നിലനിൽക്കുന്ന സർവ്വെ നമ്പരുകൾ റീസർവ്വേ പ്രകാരവും, നിലവിൽ ഭൂസ്ഥിതി പ്രകാരവും പുരയിടമായും മുൻ സർവ്വേ റിക്കാർഡുകൾ പ്രകാരം നിലമായും കാണുന്നവയാണ്.

- റിസോർട്ടിന്റെ മുൻവശം കായലിൽ പോള അടിയാതിരിക്കുന്നതിന് 'Plastic Marks Buoys with Reflector' എന്നുള്ള കായലിൽ പൊങ്ങിക്കിടക്കുന്നതും, എടുത്തുമാറ്റാവുന്നതുമായ സംവിധാനം, ആവശ്യപ്പെടുന്ന സമയത്ത് എടുത്തുമാറ്റ-ണമെന്ന ഉപാധിയോടെ സ്ഥാപിക്കുന്നതിന് ആലപ്പുഴ ആർ.ഡി.ഒ. അനുമതി നൽകിയിരുന്നു. ഇത് മത്സ്യബന്ധനം, യാത്രാ സ്വാതന്ത്ര്യം എന്നിവയെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ ആലപ്പുഴ ഇറിഗേഷൻ ഡിവിഷനോട് ആവശ്യപ്പെട്ടിട്ടുള്ളതും, ആയതിന് ടി സ്ഥലത്ത് നിലവിൽ സ്ഥാപിച്ചിരിക്കുന്ന നെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും കായൽ വഴിയുള്ള ജലയാനങ്ങൾക്കുള്ള യാത്രാസ്വാതന്ത്ര്യത്തിനും, മത്സ്യബന്ധനത്തിനും യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കിയിട്ടില്ലായെന്ന് ജലവിഭവ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 3-ന്റെ ലംഘനം വ്യക്തമായിരിക്കുന്നതിനാൽ കാരണം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു-കൊണ്ടും നിയമനടപടി സ്വീകരിക്കുന്നതിലേക്കുമായി വാട്ടർവേൾഡ് ടൂറിസം മാനേജിംഗ് ഡയറക്ടറെ നേരിൽ കേൾക്കുവാൻ 26/09/2017 ന് സമയം നിശ്ചയിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർ

ഉള്ളടക്കം ഃ സ്കെച്ച് & ഫോട്ടോ

CC PS to Minister (Revenue)